# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:894

04.03.2020-ലെ മറുപടി

**അമൃത് പദ്ധതിയ്ക്കായി കുഴിച്ച തലസ്ഥാനത്തെ റോഡുകളുടെ നവീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | തലസ്ഥാനത്ത് അമൃത് പദ്ധതിയുടെ കീഴിൽ എത്ര പദ്ധതികളാണ് ജലവിഭവവകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്; ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ; | (എ) | തലസ്ഥാനത്ത് അമൃത് പദ്ധതിയുടെ കീഴിൽ 357.50 കോടി രൂപയുടെ 275 പദ്ധതികളാണ് നടപ്പിലാക്കുന്നത് . ഇതിൽ 99.04 കോടി രൂപയുടെ 45 കുടിവെള്ള പദ്ധതികളും 159.66 കോടി രൂപയുടെ 112 സ്വീവറേജ് പദ്ധതികളും കേരള ജല അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത് . 45 കുടിവെള്ള പദ്ധതികളിൽ എല്ലാ പദ്ധതികളും കരാർ നൽകി പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. 13.70 കോടി രൂപയുടെ 29 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് . 112 സ്വീവറേജ് പദ്ധതികളിൽ 120.79 കോടി രൂപയുടെ 94 പദ്ധതികൾക്ക് കരാർ നൽകി. 17.33 കോടി രൂപയുടെ 63 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട് . |
| (ബി) | ഈ പദ്ധതിക്കായി നഗരത്തിലെ പല റോഡുകളും കുഴിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും അവ നന്നാക്കാത്തത് മൂലം അപകടങ്ങൾ പെരുകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല; ബന്ധപ്പെട്ട വകുപ്പുകളിൽ റോഡ് പുന:സ്ഥാപന തുക ഒടുക്കിയതിന് ശേഷമാണ് കേരള ജല അതോറിറ്റിയ്ക്ക് റോഡ് മുറിയ്ക്കുന്നതിനും കുഴിയ്ക്കുന്നതിനും അനുവാദം ലഭിക്കുന്നതും, തുടർന്നു ചെയ്യുന്നതും. കേരള ജല അതോറിറ്റിയിലെ പദ്ധതികളിൽ റോഡ് കുഴിച്ച് പ്രവർത്തികൾ നടത്തിയതിന് ശേഷം കുഴികൾ മൂടാത്തത് മൂലം അപകടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യിട്ടില്ല. റോഡ് കുഴിച്ച പൈപ്പ് ലൈൻ സ്ഥാപിച്ചാലുടനെ കുഴികൾ ശരിയായി മൂടി റോഡ് താൽകാലികമായി ഗതാഗത യോഗ്യമാക്കണമെന്ന് കരാറുകാർക്ക് കർശന നിർദേശം നല്കിയിട്ടുണ്ട് . കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇത് പരിശോധിച്ച് ഉറപ്പുവരുത്തുന്നുമുണ്ട് . പ്രവർത്തികൾ പൂർത്തിയാക്കിയ റോഡുകൾ പുനസ്ഥാപന പ്രവർത്തിയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം കൈമാറിയിട്ടുണ്ട് . |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഭാഗമായി കുഴിച്ച കോർപ്പറേഷൻ റോഡുകൾ സമയ ബന്ധിതമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | റോഡ് പുനസ്ഥാപനത്തിനുള്ള തുക കോർപ്പറേഷനിൽ ഒടുക്കിയാണ് റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാകുന്നത് . പ്രവൃത്തികൾ പൂർത്തീകരിച്ചാൽ ജല അതോറിറ്റി റോഡ് കോർപ്പറേഷന് കൈമാറും. കോർപ്പറേഷനാണ് റോഡ് പുന:സ്ഥാപന പ്രവൃത്തികൾ നടത്തുന്നത് . ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കോർപ്പറേഷൻ നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ